LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടി, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, NDP-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും മലബാർ മേഖലാ യൂണിയൻ കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിനുവേണ്ട വിരമരുന്നും മറ്റ് ഉല്പന്നങ്ങളും നൽകുക, പട്ടികജാതി വനിതകൾക്കായുള്ള കിടാരി വളർത്തൽ യൂണിറ്റ്, മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ സബ്സിഡി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി, NDP-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village Based Milk Procurement System (VBMPS) എന്നിവ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപ്പിലാക്കിവരുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം 1888 ലക്ഷം രൂപ എം.എസ്.ഡി.പി. പദ്ധതിക്കായി ലഭിച്ചത് ജില്ലകൾക്ക് ടാർജറ്റ് അനുസരിച്ച് വീതിച്ചു നൽകി പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ എം.എസ്.ഡി.പി. പദ്ധതി ഘടകങ്ങൾ നടപ്പാക്കുന്നതിനായി ലഭിച്ച 700 ലക്ഷം രൂപ പ്രസ്തുത രണ്ട് ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തീകരണ ഘട്ടത്തിലാണ്. ക്ഷീരോല്പന്ന സാദ്ധ്യത കൂടുതലുള്ള ഗ്രാമങ്ങളായ എറണാകുളം ജില്ലയിലെ കന്നുകര, കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ് തുടങ്ങിയവ തെരഞ്ഞെടുത്ത് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ സ്വന്തം ഫണ്ടുപയോഗിച്ച് ചെയ്യേണ്ട പദ്ധതികൾക്ക് യൂണിയനുകളുടെ ബഡ്ജറ്റുകളിൽ തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി ചെയ്യുന്ന പദ്ധതികൾ അനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കിവരുന്നു.

ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം

81 (3048) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരസംഘം ജീവനക്കാരുടെ വേതനത്തിന്റെ ഘടന തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് എന്നാണ് ;

(സി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്ഷീരസംഘം ജീവനക്കാരുടെ വേതനത്തിന്റെ തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് 2008-ൽ 15-12-2008-ലെ സ.ഉ.(പി)നമ്പർ 210/08 നമ്പർ ഉത്തരവു പ്രകാരമാണ്.

(സി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 20-8-2014-ലെ സ.ഉ.(സി) നമ്പർ 1526/14/എഡി ഉത്തരവുപ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു ഒമ്പതംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ക്ഷീരഗ്രാമം പദ്ധതി

82 (3049) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ക്ഷീരഗ്രാമ 'പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly